# വിപശ്യനാ പത്രിക

*സയാജീ ഊ ബാ ഖിൻന്റെ പരമ്പരയ്ക്കനുസരിച്ച് എസ. എൻ. ഗോയങ്ക പഠിപ്പിച്ച ധ്യാന വിധി*

**Vol. 4, No. 03 : മാർച്ച് 2011**
**മലയാളം മാസ പത്രിക**

**വിപസ്സന റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട്**
**ധമ്മഗിരി, ഇഗത്പുരി – 422 403, മഹാരാഷ്ട്ര**

### *ധർമ്മ വാണി*

*ധർമ്മ ന മിഥ്യാ മാന്യത,*
*ധർമ്മ ന മിഥ്യാചാർ,*
*ധർമ്മ ന മിഥ്യാ കല്പന,*
*ധർമ്മ സത്യ കാ സാർ*

ധർമ്മം മിഥ്യാ മാന്യതയല്ല,
ധർമ്മം മിഥ്യാചരണവുമല്ല,
ധർമ്മം മിഥ്യാ കല്പനയല്ല,
ധർമ്മം സത്യത്തിൻ സാരം.

— **എസ. എൻ. ഗോയങ്ക**

# സ്വാനുഭൂതി ആവശ്യമാണ്

**എസ. എൻ. ഗോയങ്ക**

*(ജീ–ടീവിയിൽ തുടർച്ചയായി 44 ഭാഗങ്ങളായി പ്രസാരണം ചെയ്ത ഗോയങ്കജീയുടെ പ്രവചനങ്ങളുടെ 14 ാം ഭാഗം.)*

ബുദ്ധിയുടെ തലത്തിൽ മനസ്സിലാക്കിയ ജ്ഞാനത്തിലും അനുഭൂതിയുടെ തലത്തിൽ മനസ്സിലാക്കിയ ജ്ഞാനത്തിലും വളരെ വലിയ അന്തരം ഉണ്ട്. രണ്ടിന്റെയും പ്രഭാവത്തിൽ വളരെ വലിയ അന്തരമുണ്ട്. ലോകത്തിന്റെ പുറമെയുള്ള സത്യങ്ങളെ നമ്മൾ നമ്മുടെ ബുദ്ധിയുടെ തലത്തിൽ മനസ്സിലാക്കാവുന്നതാണ്. എന്നാൽ സത്യത്തിനെ അനുഭൂതിയിൽ കൊണ്ടു വരണമെങ്കിൽ സ്വന്തം മൂന്നര കൈ നീളമുള്ള ശരീരത്തിന്റെ ഉള്ളിൽ തന്നെയാണ് കൊണ്ടു വരേണ്ടത്. ഭാരതത്തിന്റെ പഴയ ഭാഷയിൽ അതിനെയാണ് ആദ്ധ്യാത്മമെന്ന് വിളിച്ചത്. സ്വന്തം മനസ്സിനെ വേരുവരെ നേരാക്കണമെങ്കിൽ, വികാരങ്ങളെ വേരോടെ നീക്കം ചെയ്യണമെങ്കിൽ ഉള്ളിലെ സത്യത്തിനെ അനുഭൂതിയുടെ തലത്തിൽ അറിയേണ്ടതു തന്നെയുണ്ട്. മനസ്സിന്റെ പുറമെ പുറമെയുള്ള സംഭവങ്ങളെ നോക്കിക്കൊണ്ട് നേരെയാക്കിയാൽ നേരെയാക്കലുണ്ട്, എന്നാൽ അത് പുറമെ പുറമെ ബുദ്ധിയുടെ തലത്തിലാണ് നേരാകുന്നത്. ആഴങ്ങൾവരെ അതിന്റെ പ്രഭാവം ഉണ്ടാകുന്നില്ല. പുറമെയുള്ള സംഭവത്തെ നോക്കിക്കൊണ്ട് ചിലപ്പോൾ ഭാവാവേശം ഉണരുന്നു, കൂടാതെ മനസ്സിൽ വലിയ വിരക്തി ഉണരുന്നു, വലിയ ജ്ഞാനം ഉണരുന്നു എന്നാൽ അവയ്ക്ക് ആഴങ്ങൾവരെയുള്ള പ്രഭാവവും ഉണ്ടാകുന്നില്ല. മനസ്സിന് സ്ഥായിയായ നേരാകൽ ഉണ്ടാകുന്നല്ല.

ബുദ്ധിയുടെ തലത്തിൽ ആകട്ടെ എല്ലാവരും അറിയുന്നു, മനസ്സിലാക്കുന്നു – ഈ ലോകം മുഴുവനും അനിത്യമാണ്. ജീവനുള്ളതായാലും ജീവനില്ലാത്തതായാലും; എല്ലാം ഉത്പന്നമാകുന്നു, നഷ്ടമായിത്തീരുന്നു. ജനങ്ങൾ ജനിക്കുന്നു, മരിക്കുന്നു. എല്ലാ പ്രാണികളും ജനിക്കുന്നു, മരിക്കുന്നു –. എത്ര ഭംഗൂരമാണ്, എത്ര നശ്വരമാണ്. ഒരു ഉദാഹരണം കൊണ്ട് മനസ്സിലാക്കാം. ഒരു സ്നേഹപ്പെട്ടയാൾ മരിച്ചു പോയി. അയാളുടെ മൃതശരീരവും എടുത്തുകൊണ്ട് ശ്മശാനത്തിൽ പോയി. ചിതയിൽ അയാളുടെ മൃതശരീരം വച്ചു. തീ കൊളുത്തി. ചിത എരിഞ്ഞു കൊണ്ടിരിക്കുകയാണ്. ആ സമയം അയാൾ ഇരുന്നു ചിന്തിക്കുകയാണ് – അയ്യോ, ഇത് എത്തരം ജീവിതമാണ്? ജീവിതത്തിന്റെ അന്തിമ പരിണാമം ഇതുതന്നെയാണൊ? എല്ലാവരും – ജനിക്കുന്നവരെല്ലാവരും, ഇതേ പ്രകാരം മൃത്യുവിനെ പ്രാപിക്കുമോ? ഞാനും ഇതേ പ്രകാരം മൃത്യുവിനെ പ്രാപിക്കുമോ? എപ്രകാരം ഇയാളുടെ ശരീരത്തെ ഇവിടെ തീകൊളുത്തിയോ, അതേ പ്രകാരം എന്റെ ശരീരത്തെയും ഇവിടെ കൊണ്ടു വന്ന് കത്തിച്ചു കളയുമോ? ഇയാൾ തനിക്കൊപ്പം ഒന്നും തന്നെ കൊണ്ടുപോയില്ല. ഇത്ര ധനം ശേഖരിച്ചു, എല്ലാം ഇവിടെ തന്നെ അവശേഷിച്ചു. വെറും കൈയ്യോടെ പോയി. എന്റെയും ഇതേ അവസ്ഥയാണോ ആകാൻ പോകുന്നത്? ഈ ഭാര്യ, ഈ പുത്രൻ, ഈ സഹോദരൻ, ഈ ബന്ധു, ഈ മണിമാളിക, ഈ വാഹനങ്ങൾ എല്ലാം ഇവിടെ വിട്ടു പ്പോകുമോ? വലിയ രാഗവിഹീനത ഉണർന്നു, വലിയ ജ്ഞാനം ഉണർന്നു. എന്നാൽ എത്ര സമയത്തേക്ക്? ശ്മശാനഭൂമിയിൽ നിന്ന് രണ്ട് അടി വച്ച് പുറത്തു വന്ന ഉടനെ മുഴുവൻ കാര്യങ്ങളും മറന്നു പോയി. വീണ്ടും അതേ ഞാൻ–ഞാൻ, എന്റെ–എന്റെ. ഇത്രയുമായപ്പോൾ മുന്നിൽ ഒരാളെ കണ്ടു, അയാൾ അവന്റെ ശത്രുവാണ്. ഓ, ഇവനുനേരെ ക്രിമിനൽ കേസ് ചെയ്യേണ്ടതുണ്ട്. ഇതുവരെ സിവിൽ കേസ് ചെയ്യുകയായിരുന്നു. ഇതു മാത്രം കൊണ്ട് കാര്യം നടക്കില്ല, ഇവനു നേരെ ക്രിമിനൽ കേസ് ചെയ്ത് പെടുത്തണം. എന്തു പറ്റി? ഈ മുഴുവൻ ജ്ഞാനവും എവിടെ പോയി? അയ്യോ, ശ്മശാന ജ്ഞാനമാണ്

സഹോദര, കുറച്ചു സമയം ബുദ്ധിയുടെ തലത്തിൽ പ്രഭാവം ഉണ്ടാകുന്നു, അന്തർ മനസ്സിന്റെ ആഴങ്ങൾ വരെ അതിന്റെ എത്തിച്ചേരൽ ഉണ്ടാകുന്നില്ല. ഉണ്ടാകാനേ സാധ്യമല്ല.

ഒരു ഉദാഹരണത്തിലൂടെ മനസ്സിലാക്കാം. ഒരു വ്യക്തി ഒരു ധർമ്മസഭയിൽ പോയി. ധർമ്മ പ്രവചനം നടന്നുകൊണ്ടിരിക്കുകയാണ്. ധർമ്മത്തിന്റെ കാര്യം വളരെ നന്നായി തോന്നി. അയ്യോ, എത്ര രാഗം, എത്ര ദ്വേഷം – എത്തരം ജീവിതമാണ് ജിവിച്ചു കൊണ്ടിരിക്കുന്നത്? എത്ര ആസക്തി? ഇവനോട് ആസക്തി, അവനോട് ആസക്തി, ഈ വസ്തുവിനോട് ആസക്തി, ആ വ്യക്തിയോട് ആസക്തി. പ്രതിഷ്ഠയോട് ആസക്തി, ആ പദത്തോട്, ആ ആദരസത്കാരത്തോട് ആസക്തി. അയ്യോ എത്തരം ജിവിതമാണ്? വ്യാകുലത തന്നെ വ്യാകുലതയാണ്. ധർമ്മത്തിന്റെ കാര്യം ശരിക്കും മനസ്സിലായി. ആലോചിക്കാൻ തുടങ്ങി. നമ്മൾക്ക് അനാസ്ക്തനാകേണ്ടതുണ്ട്, രാഗവിഹീന നാകേണ്ടതുണ്ട്. ഇനി സ്വന്തം ജീവിതത്തെ മാറ്റിയേ വിടുകയുള്ളു. ഏതൊരു ആസക്തി കാരണം ദുഖിതനായിരുന്നോ അത് ഇനി എന്നെ ദുഖിതനാക്കാൻ സാധിക്കില്ല, കാരണം ഈ ആസക്തിയെ തന്നെ പുറത്താക്കും. ഈ മുഴുവൻ രാഗം ദൂരീകരിക്കും. ഇപ്രകാരം ധർമ്മത്തിന്റെ വലിയ ജ്ഞാനമുണ്ട്. എപ്പോൾ ആ ഹാളിൽ നിന്ന് പുറത്തു വന്നുവോ അപ്പോൾ കാണുന്നു – ചെരിപ്പ് ഇല്ല. അയ്യോ, ആരെങ്കിലും എടുത്തുകൊണ്ടു പോയോ! അയ്യോ എന്റെ ചെരിപ്പ് എവിടെ പോയി! അയ്യോ, ഇന്നലെ വാങ്ങിയത്, വളരെ വിലപിടിപ്പുള്ള ചെരിപ്പായിരുന്നു, ആരാണ് കൊണ്ടു പോയത്, എന്തു പറ്റി? നിന്റെ അനാസക്തി എവിടെ പോയി സഹോദര? ആസക്തി തന്നെ ആസക്തിയല്ലെ! രാഗം തന്നെ രാഗമല്ലെ! ഈ പുറമെ പുറമെയുള്ള ബുദ്ധിപരമായ ജ്ഞാനം ആ ആഴങ്ങൾവരെ എത്താൻ സാധിക്കില്ല. ഇതിന്റെതായ ലാഭമുണ്ട് എന്തെന്നാൽ ഈ പുറമെ പുറമെയുള്ള ജ്ഞാനവും കേട്ടുകൊണ്ടിരുന്നാൽ അതിരു കവിയലിൽ നിന്നും രക്ഷപ്പെടും. ഏറ്റവും കുറഞ്ഞത് മനസ്സിൽ ഒരു ഭാവമെങ്കിലും ഉയരും – ഈ ജ്ഞാനം എനിക്ക് ഉള്ളുവരെ എത്തിച്ചേർക്കേണ്ടതുണ്ട്. എപ്പോഴെങ്കിലും ഈ വിദ്യ പഠിക്കുന്നതിനായി വന്നു – കാരണം ഈ ജ്ഞാനം എനിക്ക് ഉള്ളുവരെ എത്തി ച്ചേർക്കേണ്ടതുണ്ട്, – എവിടെ രാഗം ജനിക്കു ന്നുവോ, അതിന്റെ ഉദ്ഗമം ഉണ്ടാകുന്നുവോ. എവിടെ ആസക്തി ഉണരുന്നുവോ, അതിന്റെ ഉദ്ഗമം ഉണ്ടാകുന്നുവോ, അവിടെ എത്തിച്ചേർന്ന് അതിനെ ദുരീകരിക്കേണ്ടതുണ്ടല്ലൊ! പുറമെ–പുറമെ കേവലം മരത്തിനെ നേരെയാക്കിക്കൊണ്ടിരുന്നാൽ കാര്യം നടക്കില്ല. കാരണം അതിന്റെ വേരുകൾ രോഗിയാണ്. വേരുകളെ നന്നാക്കാതെ കേവലം പുറമെ–പുറമെ നേരെയാക്കാനുള്ള ജോലി ചെയ്തു. മരം നേരെയാകാൻ തുടങ്ങി.. ഏതൊരു രോഗിയായ ശാഖകളുണ്ടോ, അതിനെ മുറിച്ചു. മരം കാണാൻ നന്നായി തുടങ്ങി എന്നാൽ കീടാണുകളാകട്ടെ താഴെ വേരിലാണ് കിടക്കുന്നത്.

ഇതേ പ്രകാരം മനസ്സിന്റെ ആഴ തലങ്ങളിലുള്ള രോഗം ദൂരീകരിക്കാതെ മംഗളം ഭവിക്കില്ല. ലോകത്തിൽ അനേകം കാര്യങ്ങളുണ്ട് – അവയെ എല്ലാം തന്നെ അനുഭവിച്ചറിയണം എന്ന് ആവശ്യമല്ല. ഒരു കറുത്ത നാഗമാണ് – ആരെങ്കിലും പറയുകയാണ് – ഇതു കടിച്ചാൽ മരിക്കും. ഇതിന്റെ പല്ലിൽ വിഷമുണ്ട്, കൂടാതെ കടിച്ച ഉടനെ ഇത് സ്വന്തം പല്ലിൽനിന്നും വിഷം വിടുന്നു. ഈ വിഷം ശരീരത്തിൽ പോയി വ്യക്തിയുടെ മരണത്തിന്റെ കാരണമാകാവുന്നതാണ്. ഭ്രാന്തിൽ ആരെങ്കിലും പറയുകയാണ് – ഇല്ല, ഞാൻ വിശ്വസിക്കുന്നില്ല ഏതു വരെ ഈ കറുത്ത നാഗം എന്നെ കടിക്കുന്നില്ലയോ കൂടാതെ എതുവരെ മരിക്കു ന്നില്ലയോ, ഈ കാര്യം ഞാൻ വിശ്വസിക്കുന്നില്ല. അയ്യോ, അപ്പോൾ ഭ്രാന്തായില്ലെ? പുറമെയുള്ള ലോകവ്യവഹാരത്തിന്റെ കാര്യങ്ങളെ ബുദ്ധിയുടെ തലത്തിൽ വിശ്വസിക്കൽ ബുദ്ധിപരമാണ്. എന്നാൽ ആർക്ക് ആദ്ധ്യത്മത്തിന്റെ ജോലി ചെയ്യണോ, സ്വന്തം മനസ്സിനെ നേരെയാക്കാനുള്ള ജോലി ചെയ്യണോ അവൻ കേവലം പുറമെ പുറമെയുള്ള അറിവുപയോഗിച്ച് ചെയ്യാനാഗ്രഹിച്ചാൽ പോരാ. അവന് സ്വയം അന്തർമുഖിയായി ശരീരത്തിൽ സ്ഥിതമായിക്കൊണ്ട്, കായസ്ഥനായിക്കൊണ്ട് ഉള്ളിൽ എന്താണ് നടന്നുകൊണ്ടിരിക്കുന്നത് – ഈ മുഴുവൻ ശരീരപ്രപഞ്ചം, ഈ മുഴുവൻ ചിത്തപ്രപഞ്ചം എപ്രകാരമാണ് ജോലി ചെയ്തുകൊണ്ടിരിക്കുന്നത്? ഇത് രണ്ടിന്റെയും സംസർഗ്ഗത്താൽ എപ്രകാരമാണ് വികാരങ്ങളുടെ ഉത്പത്തി ഉണ്ടാകുന്നത്? സംവർദ്ധനം ഉണ്ടാകുന്നത്? ഇതു മുഴുവൻ അനുഭൂതിയാൽ അറിയേണ്ടതുണ്ട്, അപ്പോഴേ ഇതിനെ മറി കടക്കാൻ സാധിക്കുകയുള്ളു.

ഏതൊരു വ്യക്തി സമ്യക് സംബുദ്ധനാകുന്നുവോ, അരഹന്തനാകുന്നുവോ, ജീവൻ മുക്തനാകുന്നുവോ, സത്യമായും രാഗവിഹീനൻ, ദ്വേഷവിഹീനൻ, മോഹവിഹീന നാകുന്നു. അതിനായി അദ്ദേഹത്തിന് സ്വന്തം വികാരങ്ങളെ വേരോടുകൂടി നിക്കം ചെയ്യേണ്ടതുണ്ട്. പുറമെയുള്ള ജ്ഞാനത്താൽ വ്യക്തിക്ക് ബുദ്ധനാകാൻ സാധിക്കില്ല. അരഹന്തനാകാൻ സാധിക്കില്ല. രാഗവിഹീനൻ, ദ്വേഷവിഹീനൻ, മോഹവിഹിനൻ ആകാൻ സാധിക്കില്ല. അന്തർമുഖി ആകേണ്ടതുതന്നെ ഉണ്ട്. അന്തർമുഖി ആയാൽ ആദ്യം ശ്വാസത്തിൽ നിന്ന് ജോലി തടുങ്ങുന്നു. ശുദ്ധശ്വാസം, എപ്രകാരമാണോ അപ്രകാരം. നിരീക്ഷണം ചെയ്യാനുള്ള വിദ്യ പഠിക്കുകയല്ലെ? സാക്ഷിഭാവത്താൽ അറിയുന്നതിനുള്ള വിദ്യ പഠിക്കുകയാണെങ്കിൽ യാഥാർത്ഥ്യത്തെ കാണും, അപ്പോൾ ശരിയായ അർത്ഥത്തിൽ, ശരിയായ നിരീക്ഷണം ചെയ്യാൻ സാധിക്കും. കൃത്രിമമായ സത്യം കാണാൻ തുടങ്ങിയാൽ പരമസത്യം വരെ എങ്ങനെ എത്തിച്ചേരും? സത്യത്തിന്റെ സഹായമെടുത്തെടുത്ത് നടക്കുമ്പോൾ എതൊരു സത്യം പ്രകടമായോ, അതിനെ സാക്ഷിഭാവത്തിൽ അറിയുന്നു. ഏതൊരു സത്യം പ്രകടമായോ, സാക്ഷിഭാവത്തിൽ കണ്ടറിയുന്നു. ഉള്ളിൽ നടന്നുകൊണ്ടിരിക്കുന്നത് കൃത്രിമമല്ല, സ്വാഭാവിക മായി നടന്നു കൊണ്ടിരിക്കുന്നതാണ്. ഏതൊന്ന് സ്വാഭാവികമായി നടന്നു കൊണ്ടിരിക്കുന്നുവോ അതിനെ അറിയേണ്ടതുണ്ട്. എന്നാൽ സ്വാഭാവികമായി നടന്നുകൊണ്ടിരിക്കുന്നത്, തന്നെ ത്താൻ നടന്നു കൊണ്ടിരിക്കുന്നത് – 'ആപോ ആപ് നിരംജൻ സോയി', ആ നിരംജനത്തിനെ കണ്ണുകൊണ്ടല്ലല്ലോ കാണേണ്ടത്! അതിനെയാകട്ടെ അനുഭവം ചെയ്യേണ്ടതുണ്ട്.

അതുകൊണ്ടാണ് പറഞ്ഞത്, 'അംജന മാം ഹി നിരംജന് ദേഖോ'. എന്താണ് കാണേണ്ടത്? രൂപമല്ല നോക്കേണ്ടത്. ഈ രൂപമാകട്ടെ അംജനമാണ്, കാണുന്നുണ്ടല്ലൊ! ഈ പുറമെ പുറമെയുള്ള ശരീരം, കണ്ണുകൊണ്ട് കാണപ്പെടുന്നത് – അതിനെ അംജനം എന്നു വിളിച്ചു. ഈ 'അംജനമാംഹി നിരംജന് ദേഖോ', അതിനെ അനുഭവം ചെയ്യേണ്ടതുണ്ട്, അതിന് രൂപമില്ല, ആകൃതിയില്ല. ഉള്ളിലെ സത്യത്തെ അനുഭവം ചെയ്യേണ്ടതുണ്ട്. അതിനെയാണ് ഭാരതത്തിലെ പഴയ ഭാഷയിൽ സാക്ഷാത്കാരമെന്ന് വിളിച്ചിരുന്നത്, ദർശനമെന്ന് വിളിച്ചിരുന്നത്. വേദൻ എന്നു വിളിച്ചിരുന്നത്, പശ്യന എന്നു വിളിച്ചിരുന്നത് ദർശനം എന്നാൽ അനുഭവം ചെയ്യലാണ് എന്നിട്ട് അതിൽ നിന്ന് ഏതൊരു ജ്ഞാനം ഉണരുമോ, അത് ശരിയായ ജ്ഞാനം. അതിന് നമ്മുടെ ഇവിടെ വളരെ മഹത്വമുണ്ടായിരുന്നു. ദർശനജ്ഞാനം വേദ ജ്ഞാനം, അനുഭവത്തിന്റെ ജ്ഞാനമാണ്, പശ്യനാ ജ്ഞാനമാണ്. വീണ്ടും വീണ്ടും പഴയ സാഹിത്യത്തിൽ വരുന്നുണ്ട്, പസ്സ, ജാന്, പസ്സ ജാന്. അനുഭവം ചെയ്യു എന്നിട്ട് അറിയുക. ദർശിക്കുക, അതായത് രൂപം കണ്ടിട്ട് എന്ത് അറിയാനാണ്? ആകൃതി കാണും, നിറം കാണും, രൂപം കാണും എന്തു ലഭിക്കും? അനുഭവം ചെയ്യുക. സ്വന്തം ശരീരത്തിലും ചിത്തത്തിലും ഉണ്ടായി ക്കൊണ്ടിരിക്കുന്ന സ്ഥിതികളെ അനുഭവം ചെയ്യുക എന്നിട്ട് അവയുടെ സ്പർശത്താൽ ഉത്പന്നമായ വികാരങ്ങളെ അനുഭവം ചെയ്യുക എന്നിട്ട് ചെയ്തു ചെയ്ത് അതിൽ നിന്ന് വിടുതൽ നേടുക. ഏതിനോട് ആസക്തി ജനിപ്പിച്ചിരിക്കുകയാണൊ, ആ ആസക്തിയെ അനുഭവം ചെയ്യുക. അനുഭവം ചെയ്തു ചെയ്ത് ആ ആസക്തിയിൽ നിന്ന് പുറത്തു വരിക. അനുഭവിക്കുക. എല്ലാ മഹാപുരുഷനും ഇതുതന്നെയാണ് ചെയ്യുന്നത്. ഇങ്ങനെയാണ് ചെയ്യുന്നത് അപ്പോഴാണ് മഹാപുരുഷ നായിത്തീരുന്നത്, മുക്തനായിത്തീരുന്നത്, ഭവമുക്ത നായിത്തീരുന്നത്. ശുദ്ധനാകുന്നത്, ബുദ്ധനാകുന്നത്. ശ്വാസത്തിന്റെ സഹായത്താൽ നോക്കി നോക്കി ഇപ്പോൾ ഉള്ളിൽ പോയി. ശരീരത്തിൽ സ്ഥിതമായിത്തീർന്നു. 'നിച്ചം കായ ഗതാ സതി'– ശരീരത്തിൽ ഏതൊന്ന് നടന്നുകൊണ്ടിരിക്കുന്നോ, അതിനെപ്പറ്റി വളരെ ജാഗരൂകനാണ്. ഏതൊന്ന് നടന്നു കൊണ്ടിരിക്കുന്നോ, അതിനെ അറിഞ്ഞു കൊണ്ടിരിക്കുകയാണ്. തുടക്കത്തിൽ വളരെ സ്ഥൂലസ്ഥൂല സത്യങ്ങൾ പ്രകടമാകുന്നു. ഈ ശരീരസ്കന്ദത്തിന്റെ സ്ഥൂലസത്യങ്ങൾ – ചിലയിടത്ത് ഭാരമുണ്ട്, ചിലയിടത്ത് മർദ്ധമുണ്ട്, ചിലയിടത്ത് വേദനയുണ്ട് അവയെ സാക്ഷി ഭാവത്താൽ നോക്കി ക്കൊണ്ടിരിക്കുകയാണ്. ഇപ്രകാരം സാക്ഷിഭാവത്താൽ നോക്കുന്നതിനുള്ള വിദ്യ – അത് അഭ്യസിച്ച് ഉത്പന്നമാകുന്ന ജ്ഞാനം, പ്രജ്ഞ, അത് സൂക്ഷമമായിക്കൊണ്ടു പോകുകയാണ്, തീക്ഷണമായിക്കൊണ്ടുപോകുക യാണ്. അതിനെ ആ ദിനങ്ങളിലെ ഭാഷയിൽ തുളച്ചു കയറുന്ന പ്രജ്ഞ എന്നു വിളിച്ചിരുന്നു. ഏതൊന്ന് മുറിക്കുന്നുവോ, ഭേദനം ചെയ്യുന്നുവോ അത്. മുഴുവൻ സ്ഥൂലതയെയും ഭേദനം ചെയ്തുകൊണ്ട്, മുറിച്ചുകൊണ്ട്, അതിന്റെ വിഘടനം ചെയ്തുകൊണ്ട്, വിഭാജനം ചെയ്തുകൊണ്ട്, നമ്മളെ അതിന്റെ വിശ്ളേഷണം ചെയ്യുന്നതിന് യോഗ്യരാക്കിത്തീർക്കുന്നു. അനുഭൂതിയുടെ തലത്തിൽ വിശ്ളേഷണം ചെയ്ത് അറിയാൻ സാധിക്കും.

ഇപ്രകാരം സ്ഥൂലതയിൽ നിന്ന് മുന്നേറി മുന്നേറി ഭൗതികലോകത്തിന്റെ അന്തിമ സത്യമായ ആ സൂക്ഷ്മ അവസ്ഥയിൽ എത്തി ച്ചേരണം. വിപശ്യന ഇതിനുവേണ്ടിയാണ് ചെയ്യുന്നത് – മുഴുവൻ ഭൗതികസത്യവും സ്വന്തം ശരീരത്തിന്റെ ഉള്ളിൽ അനുഭവത്തിൽ വന്നു കൊണ്ടി രിക്കുകയാണ്. മുന്നേറി മുന്നേറി അതിലും സൂക്ഷ്മം, പിന്നെ അതിലും സൂക്ഷ്മം. പതുക്കെ പതുക്കെ ആ അവസ്ഥയിൽ എത്തി ച്ചേരും – അതായത് സാധകൻ ശരീരത്തിലെ ആ വളരെ ചെറിയ കണം വരെയുള്ള അനുഭവത്തിൽ എത്തിച്ചേരുന്നു. അതിന്റെ വീണ്ടും വിഭാജനം സാധ്യമല്ല. (ആ അവസ്ഥ എപ്പോൾ വേണമെങ്കിലും വരട്ടെ, വ്യക്തി, വ്യക്തിയിൽ ആശ്രയിച്ചിരിക്കും, സമയം എടുക്കുന്നു.) അതിനെ വേണമെങ്കിൽ അണു എന്നു വിളിക്കാം, പരമാണു എന്നു വിളിക്കാം. ആ ദിനങ്ങളിലെ ഭാഷയിൽ ഭഗവാൻ ബുദ്ധൻ അതിനായി ഒരു പുതിയ പേര് നിർമ്മിച്ചു. അതായത് ഏതേത് ശബ്ദം പ്രചലിതമായിരുന്നോ, അദ്ദേഹം കണ്ടു, അവ മുഴുവൻ ഭാവവും വ്യക്തമാക്കുന്നില്ല. അതിനാൽ അദ്ദേഹം അതിനെ 'അഷ്ടകലാപം' എന്നു വിളിച്ചു. കലാപം എന്നാൽ സമൂഹം. മുഴുവൻ ഭൗതിക ലോകത്തിന്റെയും ഏറ്റവും ചെറിയ കണിക, അതിലും ചെറുത് മറ്റൊന്നുമില്ല, എന്നിരുന്നാലും അതിൽ എട്ടു കാര്യങ്ങൾ എല്ലായ്പ്പോഴും കൂടിച്ചേർന്നിരിക്കുന്നു – പൃഥി ധാതു, അഗ്നി ധാതു, വായു ധാതു, ജല ധാതു ഈ നാല് മഹാഭൂതങ്ങളും, ഈ നാലു മഹാഭൂതങ്ങളുടെയും ഒരോന്നിന്റെയും സ്വന്തം സ്വന്തം ഗുണ, ധർമ്മ സ്വഭാവങ്ങളും. ഈ എട്ട് ഒരുമിച്ച് കൂടിച്ചേർന്നിരിക്കുന്നു ആയതുകൊണ്ട് അതിനെ 'അഷ്ടകലാപം' എന്ന് വിളിച്ചു. ഇതും ഇത്ര സൂക്ഷ്മമാണ് – കണ്ണിൽ കാണാൻ സാധിക്കില്ല. എന്നാൽ അനുഭവത്താൽ അറിയാൻ സാധിക്കും. വിഭാജനം ചെയ്തു ചെയ്ത് ഏതൊരു അനുഭൂതികൾ ഉണ്ടായിക്കൊണ്ടിരിക്കുന്നുവോ അതിൽ നിന്ന് അറിയാവുന്നതാണ് – ഈ അഷ്ടകലാപവും കട്ടിയായ പദാർത്ഥമല്ല. ഭൗതിക പദാർത്ഥമാണ് എന്നാൽ കട്ടിയുള്ളതല്ല, നേരെ മറിച്ച് വെറും തരംഗം മാത്രമാണ് കൂടാതെ ഈ അഷ്ടകലാപങ്ങളുടെ സമൂഹത്തോടു സമൂഹമുണ്ട്. അതിനെ നോക്കിക്കൊണ്ട് പറയുന്നു – അയ്യോ, എത്ര സമയം കൊണ്ട് ഞാൻ കൈ ഞൊടിക്കുന്നോ, അല്ലെങ്കിൽ എത്ര സമയത്തിൽ ഞാൻ കണ്ണടക്കുന്നോ, അത്ര സമയത്തിൽ ഈ ചെറിയ അഷ്ടകലാപം അനേക ശത സഹസ്ര കോടി പ്രാവശ്യം ഉത്പന്നമാകുന്നു, നഷ്ടമാകുന്നു. ഉത്പന്നമാകുന്നു നഷ്ടമാകുന്നു. ഇത്ര ശീഘ്ര ഗതിയോടെ ഉത്പന്നം നഷ്ടം, ഉത്പന്നം നഷ്ടം, ഉത്പന്നം നഷ്ടം ആയിക്കൊണ്ടു പോകുകയാണ്. ശതസഹസ്രകോടി – അതായത് ഒന്നിനു മുന്നിൽ പന്ത്രണ്ട് പൂജ്യം ഇടണം, കൂടാതെ അതും അനേക ശതസഹസ്രകോടി പ്രാവശ്യം ഉത്പന്നമായി നഷ്ടമായിപ്പോകുന്നു.

പടിഞ്ഞാറു ദേശത്തുള്ള ശാസത്രജ്ഞർ, – അവർ പുറമെ ഉള്ള ലോകത്തിന്റെ പരീക്ഷണം നടത്തി, ഗവേഷണം നടത്തി, അവർ ഏകദേശം നൂറു വർഷം മുമ്പ് ഈ സത്യത്തെ മനസ്സിലാക്കി – മുഴുവൻ ഭൗതിക ലോകത്തിലും തരംഗങ്ങളല്ലാതെ

മറ്റൊന്നുമില്ല. ഒരിടത്തും ഘരത്വമില്ല, ഒരിടത്തും സ്ഘനതയില്ല, ഇത് യഥാർത്ഥ സത്യമാണ്. കേവലം തരംഗത്തോട് തരംഗം. ഇതാണ് വാസ്തവികത.

ഭാരതത്തിലെ ഒരു മഹാപുരുഷൻ അന്തർമുഖി ആയിക്കൊണ്ട് ഇതേ സത്യത്തെ കണ്ടു എന്നിട്ട് പറയുകയാണ് 'സബ്ബൊ പജ്ജലിതൊ ലോകൊ, സബ്ബൊ ലോകോ പകമ്പിതൊ, പകമ്പിതൊ', അയ്യോ കേവലം പ്രജ്വലനം, പ്രജ്വലനം മാത്രം, കേവലം പ്രകമ്പനം പ്രകമ്പനം മാത്രമാണ്. ഉത്പന്നമാകൽ നഷ്ടമാകൽ, ഉത്പന്നമാകൽ നഷ്ടമാകൽ, ഇതുതന്നെയാണ് മറ്റൊന്നുമില്ല. സത്യമാകട്ടെ ഇതുതന്നെയാണ്. ഭാരതത്തിലെ വ്യക്തികൾ അന്തർമുഖിയായി ഏതെങ്കിലും ബാഹ്യഉപകരണമില്ലാതെ ഈ സത്യത്തെ അറിഞ്ഞു. അതുമൂലം വലിയ നന്മയുണ്ടായി.

പടിഞ്ഞാറുള്ള ശാസത്രജ്ഞർ – അവരെ നിന്ദിക്കുന്നില്ല, എന്നാൽ രണ്ടുപേരുടെയും വ്യത്യാസത്തെ മനസ്സിലാക്കേണ്ടതുണ്ട്. ഏകദേശം അമ്പതു വർഷം മുമ്പ്, കാലിഫോർണിയ ബർക്കലെ യൂണിവേർസിറ്റിയിലെ ഫിസിക്സ് വിഭാഗത്തിന്റെ തലവൻ, അവിടെ വളരെ വലിയ ശാസ്ത്രജ്ഞൻ. അദ്ദേഹത്തിന് ഇതിനെപ്പറ്റി ഉത്സുകതയുണ്ടായി – ഈ ചെറിയ അണുവിനെക്കാളും ചെറിയ കണം, അത് തരംഗം തന്നെയാണ്, എന്നാൽ ഒരു സെക്കൻഡിൽ ഈ തരംഗം എത്ര പ്രാവശ്യം ഉത്പന്നമാകുന്നു, നഷ്ടമാകുന്നു – അതിനെ അറിയുന്നതിന് പ്രയത്നിക്കണം. കണ്ണുകൊണ്ട് കാണപ്പെടുന്നില്ല, മാത്രമല്ല ഇത്ര അതിവേഗത്തിൽ ഉത്പന്നം നഷ്ടം, ഉത്പന്നം നഷ്ടമായി കൊണ്ടിരിക്കുകയാണ്. അതിനാൽ അതിനെ എങ്ങനെ എണ്ണാൻ സാധിക്കും? ആയതുകൊണ്ട് സ്വന്തം ബുദ്ധിയുപയോഗിച്ച് അദ്ദേഹം ഒരു യന്ത്രം നിർമ്മിച്ചു എന്നിട്ട് അതിനെ 'ബബൾ ചേംബർ'.എന്ന് വിളിച്ചു. ശരിതന്നെയാണ് വിളിച്ചത്, ഏതൊന്ന് ഉത്പന്നമാകുന്നോ നഷ്ടമാകുന്നോ, ഉത്പന്നമാകുന്നോ നഷ്ടമാകുന്നോ കുമിളകൾ തന്നെയല്ലെ. ആ ബബൾ ചേംബർ വഴി അദ്ദേഹം അറിഞ്ഞതെന്തെന്നാൽ ഈ ചെറിയ കണം, അത് തരംഗം തന്നെയാണ്, അത് ഒരു സെക്കൻഡിൽ ഒന്നിനു മുമ്പിൽ ഇരുപത്തിരണ്ടു പൂജ്യം ചേർത്താലുള്ള സംഖ്യ – അത്രയും പ്രാവശ്യം ഉദയവ്യയം, ഉദയവ്യയം, ഉദയവ്യയമാകുന്നു.

ഭാരതത്തിലെ ഈ മഹാനായ ശാസ്ത്രജ്ഞനും ഇതേ കാര്യമാണ് പറയുന്നത് – എത്ര സമയം കണ്ണടക്കുമോ, കൈഞൊടിക്കുമോ, അത്ര സമയത്തിൽ ഇത് അനേക ശതസഹസ്രകോടി പ്രാവശ്യം ഉദയവ്യമാകുന്നു. അയ്യോ, രണ്ടുപേരും സത്യത്തിന്റെ അടുത്ത് എത്തിച്ചേരുന്നു എന്നിരിന്നാലും രണ്ടുപേരിലും എത്ര വലിയ വ്യത്യാസം? ഭാരതത്തിലെ ഈ മഹാനായ ശാസ്ത്രജ്ഞൻ ഈ സത്യത്തിൽ എത്തിച്ചേർന്ന് ശുദ്ധനായി, ബുദ്ധനായി, മുക്തനായി, അനാസക്തനായി മാത്രമല്ല കരുണയാൽ നിറഞ്ഞു, മൈത്രിയാൽ നിറഞ്ഞു. എന്നാൽ ഇവിടെ ഈ ധർമ്മഗംഗയിൽ സ്നാനം ചെയ്യുന്നതിനായി എല്ലാ ദേശത്തെയും ജനങ്ങൾ വരുന്നുണ്ട്, എല്ലാ മതത്തിലെയും ജനങ്ങൾ വരുന്നുണ്ട് എല്ലാ വിശ്വാസത്തിലെയും ജനങ്ങൾ വരുന്നുണ്ട്. കാലിഫോർണിയായിലേയും കുറച്ച് ജനങ്ങൾ വന്നു എന്നിട്ട് ശിബരിത്തിൽ ഇരുന്നു. ഈ മുഴുവൻ കാര്യങ്ങളും കേട്ടു എന്നിട്ട് തിരിച്ചു പോയി ആ പ്രൊഫസറെ കണ്ടു. എന്നിട്ട് വന്ന് എന്നോടു പറയുകയാണ് അയ്യോ, അയാൾ വളരെ വ്യാകുലനായ വ്യക്തിയാണ്. വളരെ സംഘർഷം നിറഞ്ഞരിക്കുകയാണ്. സാധാരണ ജനങ്ങളെപോലെ ആ പാവം വളരെ സംഘർഷത്തിലാണ്. വളരെ വ്യാകുലനാണ്. മാത്രമല്ല വളരെ ക്ഷിപ്ര കോപിയാണ്. എന്തെന്നാൽ ആദ്യത്തെ ആറ്റം ബോംബ് നിർമ്മിക്കപ്പെട്ടു, അതിനെ ഉണ്ടാക്കുന്ന തിൽ ആ വ്യക്തിക്ക് പങ്കുണ്ടായിരുന്നു. കൂടാതെ അയാളുടെ മനസ്സിൽ ഈ ഭാവം ഉണരുകയായിരുന്നു – എന്നാൽ ഉണ്ടാക്കപ്പെട്ട ഈ ബോംബ് ജപ്പാനിൽ എപ്പോൾ വീഴുമോ അപ്പോൾ അതിന്റെ പരിണാമം, ഇത് എനിക്ക് കാണണം. അതിനാൽ ഏതൊരു വിമാനത്തിൽ ആ ആറ്റം ബോംബ് ജപ്പാനിലെ നഗരത്തിൽ വീഴ്ത്താനായിപ്പോയോ, അതിൽ ഇയാളും കൂടെപ്പോയിരുന്നു. രണ്ടുപേരുടെയും മനോവൃത്തിയിൽ എത്ര വലിയ അന്തരം ഉണ്ട് എന്ന് കാണാം.

ഇത് എന്തുകൊണ്ടാണ് സംഭവിച്ചത്? ഇതിനെയും മനസ്സിലാക്കാം. അന്തർമുഖിയായി തന്നെപ്പറ്റി സത്യം അറിയുന്നതിനുള്ള ജോലി, കൗതുകം പൂർത്തീകരിക്കുന്നതിനല്ല. പുറമെയുള്ള ലോകത്തിൽ സുഖസൗകര്യം അല്ലെങ്കിൽ ശക്തി നേടുന്നതിനുമല്ല – ശക്തിയുടെ ദുരുപയോഗമൊ അഥവാ സദുപയോഗമൊ ആകാം. നേരെ മറിച്ച് ഉള്ളിലെ ആദ്ധ്യത്മികതയുടെ ശക്തി ഉണർത്തു ന്നതിനാണ് – ആദ്ധ്യാത്മിക ഊർജ്ജം ഉണർത്തുന്ന തിനുള്ള ജോലി ചെയ്യുന്നു. ഉള്ളിലെ സത്യത്തിന്റെ അനുഭൂതിയുടെ ജോലി തുടങ്ങുകയാണ്. സ്ഥൂലസ്ഥൂല സത്യങ്ങളുടെ അനുഭവമായി. സമതയോടെ നോക്കിക്കൊണ്ട് പോകുകയാണ്, സാക്ഷിഭാവത്താൽ നോക്കിക്കൊണ്ടു പോകു കയാണ്, നിഷ്പക്ഷഭാവത്താൽ നോക്കിക്കൊണ്ടു പോകുകയാണ്. അതായത് അനുഭവം ചെയ്തുകൊണ്ടു പോകുകയാണ്. കൂടാതെ നിഷ്പക്ഷഭാവത്തിൽ അനുഭവം ചെയ്തുകൊണ്ടു പോകുമ്പോൾ പ്രജ്ഞ കൂടുതൽ കൂടുതൽ തീക്ഷ്ണമായി ക്കൊണ്ടുപോകുകയാണ്. നമ്മുടെ മാനസം കൂടുതൽ തീക്ഷ്ണമായിക്കൊണ്ടു പോകുന്നു അതിനാൽ തുളച്ചുകൊണ്ട്, മുറിച്ചുകൊണ്ട്, ഭേദിച്ചുകൊണ്ട്, കഷണം കഷണമാക്കിക്കൊണ്ട് വളരെ ആഴങ്ങൾവരെ പോകുന്നതാകുന്നു. ഒരു ഭാഗത്ത് ആഴങ്ങൾ വരെ പോയിക്കൊണ്ടിരിക്കുകയാണ് എന്നിട്ട് എവിടെ എത്തിച്ചേർന്നുവോ അവിടെ സാക്ഷി ഭാവത്തിൽ നോക്കികൊണ്ടിരിക്കുകയാണ്. അതിനാൽ അവിടെ ഒരു വികാരത്തിനും നില നില്ക്കാൻ സാധിക്കില്ല എന്തെന്നാൽ സാക്ഷിഭാവത്താൽ നോക്കിക്കൊണ്ടി രിക്കുകയാണ് – രാഗമില്ലാതെ, ദ്വേഷമില്ലാതെ, മോഹമില്ലാതെ അറിഞ്ഞുകൊണ്ടു പോകുകയാണ്. ഇത്തരം നിർമ്മല ചിത്തത്തിന് വളരെ ശക്തിയുണ്ട്. ഏതൊന്ന് നോക്കിക്കൊണ്ടിരിക്കുന്നോ മനസ്സിന്റെ ആ ഭാഗം, ആ നോക്കുന്ന ഭാഗം ഇത്ര ശുദ്ധമാണ് അതിനാൽ, അതിന്റെ മുന്നിൽ ഏതൊന്ന് പ്രതിക്രിയ ചെയ്ത് ചെയ്ത് വികാരം ജനിപ്പിച്ചുകൊണ്ടു പോകുകയായിരുന്നോ, വികാരങ്ങളുടെ സംഗ്രഹം ചെയ്തു കൊണ്ടുപോകുകയായിരുന്നോ, അതിന്റെ

ശക്തി കമ്മിയായി ക്കൊണ്ടുപോകുകയാണ്. അതിനാൽ വികാരം ദൂരമായിക്കൊണ്ടു പോകുകയാണ്, ദൂരമായിക്കൊണ്ടു പോകുകയാണ്. ഇപ്രകാരം എത്ര എത്ര വികാരം ദൂരമായിക്കൊണ്ടുപോകുന്നുവോ, സൂക്ഷ്മതരമായ സത്യങ്ങൾ കൂടുതൽ സ്പഷ്ടമായി ക്കൊണ്ടുപോകുന്നു. ഇങ്ങനെ ചെയ്തുചെയ്ത് വികാരങ്ങളുടെ പാളികൾ നീങ്ങി നീങ്ങി ഒരവസ്ഥ ഇത്തരത്തിൽ വരുന്നു അപ്പോൾ സ്ഥൂലസ്ഥൂല അവസ്ഥ മുതൽ സൂക്ഷ്മതര അവസ്ഥവരെയുള്ള മുഴുവൻ ചിത്തസ്കന്ദത്തെയും കണ്ടു. ചിത്തം തന്നെയാണ് ചിത്തത്തിന്റെ വികാരത്താൽ നിറഞ്ഞിരിക്കുന്ന ആ ഭാഗത്തിന്റെ നിരീക്ഷണം ചെയ്യുന്നത്. അതിനെ നോക്കി നോക്കി ഏതെങ്കിലും ഘനീഭൂതസത്യം ഉണർന്നു, ഏതെങ്കിലും ഭാവാവേശം ഉണർന്നു, ഏതെങ്കിലും വലിയ ക്രോധം ഉണർന്നു, ഭയം ഉണർന്നു, കാമ വാസണ ഉണർന്നു, ഘനീഭൂതമായി ഉണർന്നു അപ്പോൾ അത് നോക്കി ക്കൊണ്ടുപോകുകയാണ്, നോക്കിക്കൊണ്ടു പോകുകയാണ്. അതിന്റെ വിഘടനം നടന്നു കൊണ്ടിരിക്കുകയാണ്, വിഭാജനം നടന്നുകൊണ്ടിരി ക്കുകയാണ്, തുളച്ചു കയറിക്കൊണ്ടു പോകുകയാണ്. ഇങ്ങനെ വിശ്ളേഷണം ആയി ആയി അതിന്റെ വിശ്ളേഷണപരമായ അധ്യയനം ആയിക്കൊണ്ടു പോകുകയാണ്, വികാരം ദൂരമായിക്കൊണ്ടു പോകുകയാണ്.

ഇപ്രകാരം ശരീരത്തിന്റെയും ചിത്തത്തിന്റെ യും സത്യത്തെ നോക്കി നോക്കി വികാരം ദൂരമായിക്കൊണ്ടിരിക്കുകയാണ്, കൂടാതെ ഇങ്ങനെ ചെയ്തുചെയ്ത് വികാരം ഇത്ര ദൂരമായി, ചിത്തം ഇത്ര നിർമ്മലമായി എന്തെന്നാൽ ഇപ്പോൾ വളരെ എളുപ്പത്തിൽ ശരീരത്തിനും ചിത്തത്തിനും അപ്പുറത്തുള്ള, ഈ മുഴുവൻ ഇന്ദ്രിയക്ഷേത്രത്തിനും അപ്പുറത്തുള്ള, ഇന്ദ്രിയാതീത അവസ്ഥയുടെ ദർശനമായിത്തീരുന്നു. ഈ മുഴുവൻ അനിത്യ ക്ഷേത്രത്തെ, ഏതിനെപ്പറ്റി ഇത്ര ആസക്തിയുണ്ടോ, അത് മുഴുവൻ മുറിച്ച് മുറിച്ച് ആ അനാസക്ത അവസ്ഥയിൽ എത്തിച്ചേരുന്നു. അനാസക്തമായാൽ നിത്യത്തിന്റെ സാക്ഷാത്കാരമായി, ധ്രുവത്തിന്റെ സാക്ഷാത്കാരമായി, ഏതൊന്ന് അമൃതാണോ അതിന്റെ സാക്ഷാത്കാരമായി. എത്ര മംഗളമായി.

ഈ മുഴുവൻ കാര്യങ്ങളും കേവലം ബുദ്ധിയുടെ തലത്തിൽ അറിഞ്ഞാൽ മംഗളം എങ്ങനെയുണ്ടാകും? ബുദ്ധിയാൽ അറിയേണ്ടത് ആവശ്യമാണ് എന്തെന്നാൽ നമുക്ക് പ്രേരണ ലഭിക്കും, നമുക്ക് മാർഗ്ഗദർശനം ലഭിക്കും, വാസ്തവത്തിൽ ജോലിയാകട്ടെ അനുഭൂതിയുടെ തലത്തിലാണ് ചെയ്യേണ്ടത്. അനുഭൂതിയുടെ മാർഗ്ഗത്തിൽ ഏർപ്പെട്ട ഉടനെ, ചുവടോടുചവുട് മുന്നേറിക്കൊണ്ടുപോകും, അപ്പോൾ ശുദ്ധ ധർമ്മത്തിന്റെ വഴിയിൽ മുന്നേറുകയാണ്. നിർമ്മല ചിത്തത്തിന്റെ ആചരണത്തിന്റെ വഴിയിൽ മുന്നേറുകയാണ്. ഇങ്ങനെ ചെയ്യുകയാണെങ്കിൽ ശരിക്കും മംഗളമുണ്ടാകുന്നു, ശരിക്കും നന്മയുണ്ടാകുന്നു. ധർമ്മത്തിന്റെ മാർഗ്ഗത്തിൽ, ചിത്തം നിർമ്മലമാകുന്നതിന്റെ മാർഗ്ഗത്തിൽ ആര് നടക്കുന്നോ, അവരുടെ മംഗളം തന്നെ മംഗളം, നന്മ തന്നെ നന്മ, സ്വസ്ഥി തന്നെ സ്വസ്ഥി, മുക്തി തന്നെ മുക്തി.


**ധമ്മ കേതന വിപസ്സന മെഡിടേഷൻ സെന്റർ,**
മാമ്പ്ര പോസ്റ്റ്, കോഡുകുളഞ്ഞി, ചെങ്ങന്നൂർ,
കേരള – 689508. Phone: (0479)2351616.
email: info@ketana.dhamma.org.
Website: http://www.ketana.dhamma.org


**ശിബിരങ്ങളുടെ സൂചിക – 2011**

**പത്തു ദിവസ ശിബിരം:** 17–28.4, 5–16.5, 2 –13.6, 7–18.7, 18–29.8, 17–28.9, 13–24.10, 5–16.11, 20.11–1.12(Female only), 20–31.12.2012


**Contact:** കേരള വിപസ്സന സമിതി, മൈത്രി, നേരചത്തര ലേൻ, പെരന്ദൂർ റോഡ്, ഏലമക്കര പോസ്റ്റ്, കൊച്ചി–682026. Phone: (0484)2539891: Mobile: 9846569891.


.....................